# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1638.

08-06-2018 ൽ മറുപടിയ്ക്ക്

## നെൽകൃഷി വികസനവും കരനെൽകൃഷിയും

**ചോദ്യം**

ശ്രീ.കെ.സി.ജോസഫ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെൽകൃഷി വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; പ്രസ്തുത പദ്ധതികൾ വിജയപ്രദമാണോ; ഇതിലൂടെ നെല്ല് ഉല്പാദനത്തിൽ എന്ത് വർദ്ധനവാണ് ഉണ്ടാക്കുവാൻ സാധിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയും കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, RAD NMSA, പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന, ആർ കെ വി വൈ എന്നീ പദ്ധതികളും വിജയകരമായി നടപ്പാക്കി വരുന്നു.<br>2016-17 വർഷം ഇക്കോണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്ത് നെൽ കൃഷിക്ക് 171398 ഹെക്ടർ വിസ്തൃതിയും 436483 ടൺ അരി ഉല്പാദനവും ആയിരുന്നു. 2017-18 ൽ കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം അതു 220449 ഹെക്ടർ വിസ്തൃതിയും 617260 ടൺ അരി ഉല്പാദനവും ആയി വർദ്ധിച്ചു. |
| (ബി) | കൂടുതൽ ആനുകൂല്യങ്ങൾ നൽകിയിട്ടും കർഷകർ നെൽകൃഷി ഉപേക്ഷിക്കുന്നതും നെൽവയലുകളുടെ വിസ്തൃതി വർഷം തോറും കുറയുന്നതും എന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. വർദ്ധിച്ച കൂലിച്ചെലവ്, നെൽകൃഷി മേഖലയിൽ പണിയെടുക്കുന്ന തിനുള്ള വിദഗ്ധതൊഴിലാളികളുടെ ദൗർലഭ്യം, ഭൂവുടമകൾ പട്ടണങ്ങളിലേക്ക് മാറി താമസിക്കുന്നത്, നിലം മറ്റാവശ്യങ്ങൾക്കായി പരിവർത്തനപ്പെടുത്തുന്നത്, ജലാഗമന നിർഗ്ഗമന പ്രശ്നങ്ങൾ, കാലാവസ്ഥയിലെ വ്യതിയാനം എന്നിങ്ങനെ അനവധി സാങ്കേതിക, പാരിസ്ഥിതിക സാമൂഹിക ഘടകങ്ങളുടെ സ്വാധീനത്തിലാണ് നെൽ |

| | | | |
|---|---|---|---|
| | | | കൃഷി കുറഞ്ഞുവരുന്നത്. എന്നാൽ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ പ്രകാരം മേൽപറഞ്ഞ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കണ്ടെത്തുവാനും സംസ്ഥാനത്തെ നെൽകൃഷി വിസ്തീർണ്ണം വർദ്ധിപ്പിക്കുവാനും സാധിച്ചു. |
| (സി) | കരനെൽകൃഷി വികസനത്തിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; 2017-18 ൽ ലക്ഷ്യമിട്ട 2500 ഹെക്ടർ കരനെൽകൃഷി ലക്ഷ്യം നേടുവാൻ സാധിച്ചിട്ടുണ്ടോ; | (സി) | നെല്പാടങ്ങളുടെ വിസ്തൃതി ഒരു നിശ്ചിത അളവിൽ കൂടുതൽ വർദ്ധിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കര നെൽ കൃഷി പ്രാധാന്യം അർഹിക്കുന്നു. ഗാർഹിക ഉപഭോഗം പ്രധാനമായും മുൻനിർത്തിയാണ് കരനെൽകൃഷി പദ്ധതി നടപ്പാക്കുന്നത്. ആയതിനു ഹെക്ടറൊന്നിനു 13600/- രൂപ സബ്സിഡി നൽകുന്നു. ഇതിനു പുറമെ പദ്ധതിയധിഷ്ഠിതമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, റസിഡന്റ്സ് അസ്സോസിയേഷനുകൾ മുഖേനയും, സർക്കാർ/ സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ എന്നിവ മുഖേനയും കൃഷി ചെയ്യുന്നതിനും സമഗ്ര നെൽ കൃഷി വികസനം പദ്ധതിയിൽ പ്രോജക്ടധിഷ്ഠിത ധനസഹായം നൽകുന്നതിനും വ്യവസ്ഥയുണ്ട്.<br>2017-18 സാമ്പത്തിക വർഷം ലക്ഷ്യമിട്ട 2500 ഹെക്ടറിന്റെ സ്ഥാനത്ത് 2624.64106 ഹെക്ടർ സ്ഥലത്ത് കര നെൽ കൃഷി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | നെൽ വർഷത്തോടനുബന്ധിച്ച് നെൽകൃഷിയിൽ എന്തൊക്കെ നൂതന ആശയങ്ങളാണ് നടപ്പിലാക്കിയത്; | (ഡി) | 2016 ആഗസ്റ്റ് 17 (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് 17 (ചിങ്ങം 1) വരെ നെൽ വർഷമായി ആചരിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഘടകങ്ങളായ സുസ്ഥിരകൃഷി വികസനം, നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം, പാടശേഖരസമിതികളുടെ പ്രവർത്തന ചിലവിനായുള്ള പദ്ധതി, കരനെൽകൃഷി വികസനം, തരിശുനില കൃഷി, ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കുന്നതിനുള്ള പദ്ധതികൾ, നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽ കൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിത |

| | | | |
|---|---|---|---|
| | | | ധനസഹായം, പരിസ്ഥിതി സൗഹൃദ, സുസ്ഥിര ആശയങ്ങൾ നെൽകൃഷിയിൽ നടപ്പാക്കുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം, ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം, പാടശേഖര സമിതികൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവർക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി ധനസഹായം എന്നിവക്ക് പദ്ധതിയധിഷ്ഠിതമായി 100 ഇന പരിപാടികളും ഉദ്ദേശിച്ചിരുന്നു. അതിൽ ഇനി പറയുന്ന 11 ഇനങ്ങൾക്കാണ് പ്രാമുഖ്യം നൽകിയത്. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിലും, നെൽകൃഷിയും യുവജനവും, നെൽകൃഷിയിലെ നൂതന വിദ്യകൾ, നെൽകൃഷിയും പരിസ്ഥിതിയും, നെല്ല് സംസ്കരണവും വിപണനവും, നെൽകൃഷിയും വിനോദസഞ്ചാരവും, നെൽകൃഷിയും കായികമേഖലയും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയാറാക്കി നടപ്പാക്കുക ആയിരുന്നു പ്രധാന ലക്ഷ്യം. |
| (ഇ) | മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്? | (ഇ) | 2017-18 സാമ്പത്തിക വർഷത്തിൽ സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനു ധനസഹായം നൽകിയിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 415 മിനി റൈസ് മില്ലുകൾ സ്ഥാപിച്ചു. |

**സെക്ഷൻ ഓഫീസർ**